എഡിറ്റോറിയൽ

മാർച്ച് 2008

എഡിറ്റർ
ജോർജ്ജ്
കാടൻകാവിൽ



# നോവേന ചൊല്ലിയാൽ
## കല്യാണം നടക്കുമോ?...



ജോർജ്ജ് സാറേ ഒരു സംശയം, ദൈവനിശ്ചയം പോലെയേ വിവാഹം നടക്കുകയുള്ളൂ എന്ന് സാറ് എഴുതിക്കണ്ടു, അങ്ങിനെയെങ്കിൽ പ്രാർത്ഥനയും നോവേനയുമൊക്കെ നടത്തിയാൽ പോരേ, എന്തിനാ നിങ്ങളു ബെത്‌ലേഹം നടത്തുന്നത്.

സർ, താങ്കളെപ്പോലെ പ്രഗത്ഭനായൊരു സാമൂഹ്യപ്രവർത്തകനെക്കൊണ്ട് ഇതു ചോദിപ്പിക്കുന്ന അതേ ശക്തി തന്നെയാണ് ഇങ്ങിനെയൊരു വേഷം എനിക്കു തന്നിരിക്കുന്നത്. ഇത്തരം നിയോഗമായി ഞാൻ കണക്കാക്കുന്നു. അതിനു സഹായിക്കുന്ന ഒരു വലിയ നിമിത്തമാണ് ബെത്‌ലെഹം.

കല്യാണക്കാര്യത്തിൽ ഒത്തിരിപ്പേരുടെ അനുഭവങ്ങൾ അടുത്തറിയാൻ എനിക്കവസരം ലഭിച്ചിട്ടുണ്ട്. സാങ്കേതികമായി നിരീക്ഷിച്ചാൽ, ഒരു വിവാഹാലോചന ശരിപ്പെട്ടുവരാൻ ഒന്നുകിൽ നിങ്ങൾക്കു പറ്റിയ ആൾ നിങ്ങളുടെ ശ്രദ്ധയിൽപെടണം അല്ലെങ്കിൽ നിങ്ങൾക്ക് പറ്റിയ ആളുടെ ശ്രദ്ധയിൽ നിങ്ങൾ പെടണം. ഇതു സംഭവിക്കണമെങ്കിൽ, നിങ്ങൾക്കു പറ്റിയ ആൾക്കാർ കല്യാണം അന്വേഷിക്കുന്നിടത്ത് നിങ്ങളും ഉണ്ടാകണം, അങ്ങിനെ നിങ്ങൾക്കു പറ്റിയ ആൾക്കാരെ കണ്ടെത്താനുള്ള സംവിധാനങ്ങൾ ഒരുക്കുകയാണ് ബെത്‌ലെഹമിന്റെ പ്രധാന ദൗത്യം. സ്ഥാപിത താൽപ്പര്യങ്ങളില്ലാത്ത ഒരു മദ്ധ്യസ്ഥന്റെ സേവനം ഇടയ്ക്ക് ആവശ്യമായി വന്നേക്കാം, അതു ബെത്‌ലെഹമിന്റെ മറ്റൊരു ദൗത്യമാണ്.

വെറും വിശ്യാസമല്ല, വിശ്വാസത്തോടെയുള്ള പ്രയത്നങ്ങളാണ് ഫലം നൽകുന്നത്. ആര് ആരുടെ ശ്രദ്ധയിൽപ്പെട്ടു, ശ്രദ്ധയിൽപ്പെട്ടവരോട് എത്ര ഫലപ്രദമായി

www.BethlehemMatrimonial.com

ആശയവിനിമയം നടത്തി. പരസ്പരമുള്ള പൊരുത്തവും, പൊരുത്തക്കേടുകളും എത്രമാത്രം ബോദ്ധ്യപ്പെട്ടു, എത്രമാത്രം വസ്തുനിഷ്ടമായ തീരുമാനമെടുത്തു, എടുത്ത തീരുമാനങ്ങൾ എത്ര മാന്യമായി നടപ്പിലാക്കാൻ കഴിഞ്ഞു, തുടങ്ങി ഒരു നൂറായിരം കാര്യങ്ങളിൽ തമ്പുരാന്റെ കരങ്ങൾ തെളിഞ്ഞു കാണാൻ വിശ്വാസത്തോടെ പ്രാർത്ഥിക്കുന്ന മനസ്സുകൾക്ക് കഴിയും.

സാധാരണയായി വിവാഹാലോചനകൾ വരുമ്പോൾ അതിന്റെ ദോഷങ്ങളാണ് മിക്കവാറും, ആദ്യം വിശകലനം ചെയ്യുന്നത്. നോവേന ചൊല്ലുന്നവരുടെ കല്യാണക്കാര്യത്തിൽ ഒരു പ്രത്യേകത ശ്രദ്ധിച്ചിട്ടുണ്ട്. നോവേന കാലം കൂടാറാകുമ്പോൾ വരുന്ന ആലോചനകളോട് വളരെ ഭവ്യതയോടെയാണ് ഇവർ പ്രതികരിക്കുന്നത്, പുണ്യാളച്ചൻ പറഞ്ഞുവിട്ട ആൾക്കാരാണ് എന്ന രീതിയിൽ അവരോട് പെരുമാറ്റം. അത്ര നല്ല പെരുമാറ്റം കൊണ്ട് തന്നെ ആ ആലോചന തടസമില്ലാതെ പുരോഗമികാനിടയാക്കുന്നു. പല കടും പിടുത്തങ്ങളിലും വിട്ടു വീഴ്ച്ച ചെയ്യാനും, തമ്പുരാന്റെ ഇഷ്ടം നടക്കട്ടെ എന്നു ചിന്തിക്കുവാനും നൊവേന കൂടുന്നവർ തയ്യാറാകുന്നതായി കണ്ടിട്ടുണ്ട്. അത്ഭുതകരമായ മാറ്റങ്ങൾ ജീവിതത്തിൽ സംഭവിച്ചിരിക്കുന്നവരേയും കണ്ടിട്ടുണ്ട്.

ആർ ആരേ വിവാഹം ചെയ്യുന്നു എന്നത് ദൈവനിയോഗം തന്നെയാണ്, എനിക്ക് സംശയമില്ല, അതിനുള്ള കുറെ നിമിത്തങ്ങൾ ഒരുക്കുകയാണ് ബെത്‌ലെഹമിന്റെ നിയോഗം.

More Articels: http://www.bethlehemmatrimonial.com/editorial.html

www.BethlehemMatrimonial.com